സോക്കർ സ്റ്റാർ 2009: വെളിമുക്ക് ക്രസന്റ് സ്കൂൾ ജേതാക്കൾ

കോഴിക്കോട്

കാമ്പസുകളിലെ പുതിയ പ്രതിഭകളെ തെരഞ്ഞെടുത്ത ആഴ്സണൽ ടാറ്റാ ടീ സഹകരണത്തോടെ നടത്തുന്ന സോക്കർ സ്റ്റാർ 2009 ഇന്റർസോൺ യോഗ്യതാ മത്സരങ്ങളിൽ വെളിമുക്ക് ക്രസന്റ് സെക്കൻഡറി സ്കൂൾ ജേതാക്കളായി.

ഇന്ത്യൻ എം ജി എം സ്കൂളിനെ ടൈബ്രേക്കറിൽ 3-2ന് തോല്പിച്ചാണ് ഇവർ ഏപ്രിലിൽ കൊൽക്കത്തയിൽ നടക്കുന്ന ഇന്റർസോൺ മത്സരങ്ങൾക്ക് യോഗ്യത നേടിയത്.

മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച ക്രസന്റ് സ്കൂളിലെ സഹീദ് കെ വിയേയും മലപ്പുറം എം എസ് പി സ്കൂളിലെ പി സമീറിനേയും കോഴിക്കോട് ഹിദായത്തുൽ ഹയർസെക്കൻഡറി സ്കൂളിലെ മുഹമ്മദ് അഷ്റഫിനേയും കൊൽക്കത്തയിൽ ആഴ്സണൽ കൊച്ചുമായുടെ നേതൃത്വത്തിൽ നടക്കുന്ന പരിശീലന ക്യാമ്പിലേക്ക് തെരഞ്ഞെടുത്തു. രണ്ട് ദിവസങ്ങളിലായി കോഴിക്കോട് നടന്ന സോണൽ മത്സരങ്ങളിൽ മികച്ച കളിക്കാരനായി കെ വി സഹീദിനേയും, പി സമീറിനേയും ഫാദിയം ഇസ്ലാമിക് ഹൈസ്കൂളിലെ മുഹമ്മദ് ഷിഹാദിനേയും തെരഞ്ഞെടുത്തു.

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നായി 64 ടീമുകളാണ് രണ്ടു ദിവസങ്ങളിലായി നടന്ന മത്സരങ്ങളിൽ പങ്കെടുത്തത്. പ്രീ ക്വാർട്ടർ, ക്വാർട്ടർ, സെമി ഫൈനൽ, ഫൈനൽ വിഭാഗങ്ങളിലായിരുന്നു ഇന്നലെ മത്സരങ്ങൾ. പല ടീമുകളും മികച്ച പ്രകടനം കാഴ്ചവച്ചതിലും വേർതിരിയാത്ത സമനിലയിൽ പിരിഞ്ഞതിനെ തുടർന്ന് കളിക്കാരുടെ വിജയി കളെ കണ്ടെത്തുകയായിരുന്നു. ഏപ്രിലിൽ കൊൽക്കത്തയിൽ നടക്കുന്ന മത്സരങ്ങളിൽ നിന്നും 32 കളിക്കാരെ കണ്ടെത്തി ആഴ്സണൽ ക്യാമ്പിൽ പരിശീലിപ്പിച്ച് ഇതിൽ നിന്നും 16 പേരെ കണ്ടെത്തി ഇവരെ ഇന്ത്യയെ പ്രതിനിധീകരിച്ച് ഇംഗ്ലണ്ടിലെ എമിറേറ്റ്സ് സ്റ്റേഡിയത്തിൽ നടക്കുന്ന ആഴ്സണൽ ഫുട്ബോൾ ഫെസ്റ്റിൽ പങ്കെടുപ്പിക്കും. വിജയികൾക്ക് മുൻ അന്താരാഷ്ട്ര താരങ്ങളായ കെ പി സേതുമാധവൻ, ജംഷീദ് നാസിർ, ഗുലാബ് ഹുസൈൻ, കെ വി എൻ എ സെയ്ദ്, പി ഹരിദാസ്, കണ്ണീരാജ് എന്നിവർ ചേർന്ന് ഉപഹാരങ്ങൾ വിതരണം ചെയ്തു. മത്സരങ്ങളുടെ ഇടവേളകളിൽ കാണികൾക്കായി നടത്തിയ ഷൂട്ടിംഗ് മത്സരങ്ങളിൽ ഗവമോഡൽ സ്കൂളിലെ സഹീദ്, ഹസീദ്, ജിതിൻ ദാസ് എന്നിവർ ജേതാക്കളായി. മത്സരം കാണാനായി പൊതിയാണിക്കുന്നു നിരവധി കാണികൾ ഗാലറിയിൽ നിലയുറപ്പിച്ചിരുന്നു.

ടാറ്റാ ടീ-ആഴ്സണൽ സോക്കർ സ്റ്റാർ 2009 യോഗ്യതാമത്സരത്തിൽ ജേതാക്കളായ വെളിമുക്ക് ക്രസന്റ് സെക്കൻഡറി സ്കൂൾ ടീം